# സിപിസിആർഐ കാർഷിക മേള പ്രദർശനം ഇന്ന് തുടങ്ങും

**കാസർകോട്** > കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം സ്ഥാപക ദിനത്തിന്റെയും കാസർകോട് കൃഷി വിജ്ഞാന കേന്ദ്രം രജത ജൂബിലിയുടെയും ഭാഗമായി ചൗക്കി സിപിസിആർഐ ക്യാമ്പസിൽ നടക്കുന്ന കാർഷിക മേളയിലെ പ്രദർശനം വെള്ളിയാഴ്ച തുടങ്ങും. എട്ടിന് പകൽ 11ന് കാർഷിക മേള കേന്ദ്ര മന്ത്രി സദാനന്ദ ഗൗഡ ഉദ്ഘാടനം ചെയ്യും. പി കരുണാകരൻ എംപി അധ്യക്ഷനാവും. കാർഷിക- വ്യവസായ പ്രദർശനം കേന്ദ്ര മന്ത്രി അനന്ത്കുമാർ ഹെഗ്ഡെ ഉദ്ഘാടനം ചെയ്യും.